01
2025
മാർച്ച്
ശനി
കുംഭം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.86 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-86 പേജ് 4. വില 2.00 രൂപ




02 അന്താരാഷ്ട്ര വനിതാ ദിനാഘോഷം ശനിയാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

03 കോടതി വ്യവഹാരങ്ങൾക്കായി പത്തു വർഷത്തിനിടെ കേന്ദ്രം ചെലവഴിച്ചത് 400 കോടി

04 വെഞ്ഞാറമൂട്ട് കൂട്ടക്കൊല: ഉള്ളുലഞ്ഞ് റഹീം നാട്ടിലെത്തി

# സമ്പൂർണ ഐക്യം വേണമെന്ന് നിർദേശം

## കെ സുധാകരൻ തന്നെ കെപിസിസി അധ്യക്ഷനായി തൽക്കാലം തുടരും കെപിസിസി തലത്തിൽ പുനസംഘടന ഉടനുണ്ടാകില്ല



ഡൽഹി: കേരളത്തിലെ കോൺഗ്രസ് നേതാക്കളുമായുള്ള ഹൈക്കമാൻഡ് ചർച്ച അവസാനിച്ചു. കേരളത്തിൽ കോൺഗ്രസ് നേതാക്കൾക്കിടയിൽ സമ്പൂർണ ഐക്യം വേണമെന്ന് ഹൈക്കമാൻഡ് നിർദേശം നൽകി. മാധ്യമങ്ങളിൽ വ്യത്യസ്ത അഭിപ്രായം പറയാൻ ആർക്കും അവകാശമില്ലെന്നും ഹൈക്കമാൻഡ് പൂർണ നിരീക്ഷണം നടത്തുമെന്നും യോഗത്തിൽ നേതൃത്വം വ്യക്തമാക്കി.

കെപിസിസി അധ്യക്ഷനെ മാറ്റുന്ന കാര്യം ഉൾപ്പെടെ യോഗത്തിൽ ചർച്ചയായില്ല. നേതൃമാറ്റം ചർച്ചയായില്ല. കെ സുധാകരൻ തന്നെ കെപിസിസി അധ്യക്ഷനായി തൽക്കാലം തുടരും. കെപിസിസി തലത്തിൽ പുനസംഘടന ഉടനുണ്ടാകില്ല. പരാതിയുള്ള ഡിസിസികളിൽ മാത്രം പുനസംഘടന നടത്താനും യോഗത്തിൽ തീരുമാനിച്ചു.

തനിക്കും വിഡി സതീശനും ഇടയിൽ ഒരു പ്രശ്നവുമില്ലെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരൻ യോഗത്തിൽ പറഞ്ഞു. എല്ലാം മാധ്യമങ്ങൾ ഉണ്ടാക്കിയതെന്ന് കെ സുധാകരൻ യോഗത്തിൽ പറഞ്ഞു. യോഗത്തിൽ വികാരാധീനനായാണ് സുധാകരൻ സംസാരിച്ചത്. നേതൃതലത്തിൽ തന്നെ ഒറ്റപ്പെടുത്താൻ നീക്കം നടന്നുവെന്നും താൻ ദുർബലനായെന്ന പ്രചാരണത്തെ ആരും പ്രതിരോധിച്ചില്ലെന്നും സുധാകരൻ തുറന്നടിച്ചു.

കെപിസിസി അധ്യക്ഷസ്ഥാനത്ത് നിന്ന് തന്നെ മാറ്റുമെന്ന പ്രചാരണത്തെ ശരിവയ്ക്കും വിധം ചില നേതാക്കൾ മാധ്യമങ്ങളോട് പരസ്യ പ്രതികരണം നടത്തിയെന്നും സുധാകരൻ പറഞ്ഞു. പാർട്ടി ഐക്യം തകർക്കും വിധം ഒരു പ്രസ്താവനയോ നീക്കമോ തന്നിൽ നിന്ന് ഉണ്ടായിട്ടില്ലെന്നും സുധാകരൻ യോഗത്തിൽ പറഞ്ഞു.

അതേസമയം പാർട്ടിയുടെ കൂടെ നിൽക്കുമെന്ന് ശശി തരൂർ യോഗത്തിൽ അറിയിച്ചു. പാർട്ടിയെ അധികാരത്തിലെത്തിക്കാനുള്ള നീക്കങ്ങൾക്ക് പൂർണ്ണ പിന്തുണയെന്നും ശശി തരൂർ യോഗത്തിൽ അറിയിച്ചു.

അനാവശ്യ വിവാദങ്ങൾ പാർട്ടിയെ ബാധിക്കുന്നുവെന്നാണ് തനിക്ക് കിട്ടിയ റിപ്പോർട്ടെന്ന് രാഹുൽ ഗാന്ധി യോഗത്തിൽ പറഞ്ഞു. കേരളത്തിൽ ജനപക്ഷത്തു നിന്ന് പാർട്ടി വിഷയങ്ങൾ ഏറ്റെടുക്കണം. കേരളത്തിലെ പാർട്ടിയുടെ വിജയം ഇന്ത്യയാകെയുള്ള പ്രവർത്തകർ ഉറ്റു നോക്കുന്നുവെന്നും നിർണായകമാണെന്നും രാഹുൽ ഗാന്ധി യോഗത്തിൽ പറഞ്ഞു.

കേരളത്തിലെ കോൺഗ്രസ് ചരിത്രത്തിൽ ഏറ്റവും മികച്ച യോഗമാണിതെന്നും കേരളത്തിൽ കോൺഗ്രസ് നേതാക്കളെല്ലാം ഒറ്റക്കെട്ടാണെന്നും പ്രശ്നങ്ങളൊന്നുമില്ലെന്നും കെസി വേണുഗോപാൽ യോഗത്തിനുശേഷം മാധ്യമങ്ങളോട് പറഞ്ഞു. യുഡിഎഫിനെ അധികാരത്തിലെത്തിക്കാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് മല്ലികാർജ്ജുൻ ഖർഗെ പറഞ്ഞു. കേരളത്തിൽ മാറ്റം അനിവാര്യമാണെന്നും അടുത്ത കൊല്ലം ജനദ്രോഹ, വർഗ്ഗീയ ശക്തികളെ കേരളം പരാജയപ്പെടുത്തുമെന്നും ഖർഗെ പറഞ്ഞു.

## തോമസ് കെ. തോമസിനെ എൻസിപി ശരദ് പവാർ വിഭാഗത്തിന്റെ സംസ്ഥാന അധ്യക്ഷനായി പ്രഖ്യാപിച്ചു

തിരുവനന്തപുരം: കുട്ടനാട് എംഎൽഎ തോമസ് കെ. തോമസിനെ എൻസിപി ശരദ് പവാർ വിഭാഗത്തിന്റെ സംസ്ഥാന അധ്യക്ഷനായി പ്രഖ്യാപിച്ചു. പാർട്ടി ദേശീയ അധ്യക്ഷൻ ശരദ് പവാറാണ് പ്രഖ്യാപനം നടത്തിയത്. പി. എം. സുരേഷ് ബാബുവിനെയും പി. കെ. രാജൻ മാസ്റ്ററെയും വർക്കിംഗ് പ്രസിഡൻറുമാരായും തെരഞ്ഞെടുത്തു.

സംസ്ഥാന അധ്യക്ഷൻ ആയിരുന്ന പി. സി. ചാക്കോ രാജി വച്ചിരുന്നു. ഇതോടെയാണ് തോമസ് കെ. തോമസിനെ അധ്യക്ഷസ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. പാർട്ടി ദേശീയ അധ്യക്ഷൻ ശരദ് പവാറിന്റെ അധ്യക്ഷതയിൽ മുംബൈയിൽ ചേർന്ന യോഗത്തിൽ തോമസ് കെ. തോമസിനെ സംസ്ഥാന അധ്യക്ഷനാക്കാൻ തീരുമാനിച്ചിരുന്നു.

സംസ്ഥാന കൗൺസിൽ യോഗം വിളിപ്പിച്ച് ചാക്കോയെ പ്രസിഡൻറ് സ്ഥാനത്തു നിന്ന് നീക്കാനുള്ള പ്രമേയം കൊണ്ടുവരാനുള്ള ശ്രമത്തിലായിരുന്നു ശശീന്ദ്രൻ വിഭാഗം. അതിനായി അവർ ഒപ്പുശേഖരണം നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ചാക്കോ അപ്രതീക്ഷിതമായി രാജി സമർപ്പിച്ചത്.

മന്ത്രിസ്ഥാനത്തുനിന്ന് ശശീന്ദ്രനെ മാറ്റി പകരം തോമസ് കെ. തോമസിനെ മന്ത്രിയാക്കാനുള്ള ചാക്കോയുടെ നീക്കങ്ങളാണ് അദ്ദേഹത്തിനുതന്നെ തിരിച്ചടിയായത്. മന്ത്രിമാറ്റത്തിനെതിരേ മുഖ്യമന്ത്രി പിണറായി വിജയൻ ശക്തമായ നിലപാടെടുത്തതോടെ ചാക്കോയ്ക്ക് പാർട്ടിയിൽ പിടിച്ചുനിൽക്കാൻ പറ്റാതായി.

ഒടുവിൽ നിലനിൽപ്പിനായി തോമസ് കെ. തോമസും ശശീന്ദ്രൻ വിഭാഗത്തിനൊപ്പം ചേർന്നതോടെ കോൺഗ്രസിൽ നിന്നെത്തിയ ചാക്കോ പാർട്ടിയിൽ പൂർണമായി ഒറ്റപ്പെട്ടു.

## വയനാട് പുനരധിവാസം തടസപ്പെടരുതെന്ന് ഹൈക്കോടതി

കൊച്ചി: വയനാട് പുനരധിവാസം തടസപ്പെടരുതെന്ന് ഹൈക്കോടതി. വയനാട് ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ടൗൺഷിപ്പിനായി ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരായ ഹരിസൺ മലയാളം നൽകിയ ഹർജിയിലായിരുന്നു കോടതി നിലപാട്.

അപ്പീലിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ നൽകിയില്ല. ഇടക്കാല ഉത്തരവ് നൽകാൻ ഡിവിഷൻ ബെഞ്ച് വിസമ്മതിച്ചു. അതേസയമം അപ്പീൽ ഡിവിഷൻ ബെഞ്ച് ഫയലിൽ സ്വീകരിച്ചു.

ഏറ്റെടുക്കുന്ന ഭൂമിക്ക് പണം നൽകണമെന്ന ഹാരിസൺസിന്റെ വാദം കോടതി അംഗീകരിച്ചില്ല. സർക്കാരിന്റെ പണം സ്വകാര്യ വ്യക്തിക്ക് നൽകിയാൽ തിരിച്ചുപിടിക്കാൻ പ്രയാസമാകും. ഭൂമിയിൽ സിവിൽ തർക്കം നിലനിൽക്കുന്നതിനാലാണ് ബാങ്ക് ഗാരൻറിക്കുള്ള നിർദ്ദേശം. പുനരധിവാസ വിഷയത്തിൽ പൊതുതാൽപര്യം സംരക്ഷിക്കപ്പെടണമെന്നും ഹൈക്കോടതി അറിയിച്ചു.

ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിൻറേതാണ് നിരീക്ഷണം. ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമിക്കാനായി ഭൂമി ഏറ്റെടുക്കാമെന്ന് ഹൈക്കോടതി സിംഗിൾ ബെഞ്ച് നേരത്തെ വിധിച്ചിരുന്നു.

## ഉത്തരാഖണ്ഡിലെ ഹിമപാതം; 32 പേരെ രക്ഷപ്പെടുത്തി, നിരവധി പേർ കുടുങ്ങിക്കിടക്കുന്നു



ബദരിനാഥ്: ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ ശക്തമായ ഹിമപാതം മൂലം കുടുങ്ങിയ 57 തൊഴിലാളികളിൽ 32 പേരെ രക്ഷപ്പെടുത്തി. 25 പേർ ഇപ്പോഴും കുടുങ്ങിക്കിടക്കുകയാണെന്നാണ് വിവരം. റോഡ് നിർമാണത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളാണ് മഞ്ഞിനടിയിലകപ്പെട്ടത്. പലരും ഗുരുതരാവസ്ഥയിലാണെന്നും വിവരമുണ്ട്. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

ബദരിനാഥ് ധാമിന് മൂന്ന് കിലോമീറ്റർ അകലെ ബോർഡർ റോഡ്സ് ഓർഗനൈസേഷൻ (ബി. ആർ. ഒ) ക്യാമ്പിന് സമീപമാണ് സംഭവം. കനത്ത മഞ്ഞുവീഴ്ച കാരണം രക്ഷാപ്രവർത്തനത്തിന് വെല്ലുവിളികൾ നേരിടുന്നതായി ബി. ആർ. ഒ എക്സിക്യൂട്ടീവ് എൻജിനീയർ സി. ആർ. മീണ പറഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ സേന (എസ്. ഡി. ആർ. എഫ്), ദേശീയ ദുരന്ത നിവാരണ സേന (എൻ. ഡി. ആർ. എഫ്), ജില്ലാ ഭരണകൂടം, ഇൻഡോടിബറ്റൻ ബോർഡർ പൊലീസ് (ഐ. ടി. ബി. പി), ബി. ആർ. ഒ ടീമുകൾ എന്നിവർ സംയുക്തമായാണ് തിരച്ചിലും രക്ഷാപ്രവർത്തനവും നടത്തുന്നത്.

ശക്തമായ മഞ്ഞുവീഴ്ചയുള്ളതിനാൽ ആംബുലൻസ് അടക്കമുള്ള വാഹനങ്ങൾ സംഭവസ്ഥലത്ത് എത്തിക്കുന്നത് കനത്ത വെല്ലുവിളിയാണ്. കാലാവസ്ഥ അനുകൂലമായാൽ ഹെലികോപ്റ്ററിൽ എസ്. ഡി. ആർ. എഫ് സംഘം സ്ഥലത്തെത്തും. അതേസമയം, ഉത്തരാഖണ്ഡിലുൾപ്പെടെ അതിശക്തമായ മഴ (20 സെന്റീമീറ്റർ വരെ) പെയ്യാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. വെള്ളിയാഴ്ച രാത്രി വരെ അതിശക്തമായ മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

## ആശാ വർക്കർമാരുടെ കാര്യത്തിൽ സർക്കാരിന് അനുഭാവപൂർവ നിലപാട്: മന്ത്രി വീണാ ജോർജ്

കേരളത്തിലുള്ള ബഹുഭൂരിപക്ഷം (89%) ആശാ വർക്കർമാർക്കും 10,000 മുതൽ 13,500 രൂപ വരെ ഇൻസെന്റീവും ഓണറേറിയവും ലഭിക്കുന്നുണ്ടെന്നും അതിൽ 9,500 രൂപ സംസ്ഥാനം മാത്രം നൽകുന്നതാണെന്നും മന്ത്രി വീണാ ജോർജ്. മറ്റ് സംസ്ഥാനങ്ങൾ നൽകുന്നതിനേക്കാൾ കൂടുതലാണിതെന്നും ആശാ വർക്കർമാരുടെ സമരത്തിന്റെ കാര്യത്തിൽ സർക്കാരിന് കടുംപിടിത്തമില്ലെന്നും വളരെ കുറച്ച് ആശാ പ്രവർത്തകർ മാത്രമാണ് സമരത്തിലുള്ളതെന്നും മന്ത്രി സെക്രട്ടേറിയറ്റിൽ നടന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആശമാരുടെ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. 'ആശ' ഒരു കേന്ദ്ര പദ്ധതിയാണെങ്കിലും അനുഭാവപൂർവമായ സമീപനമാണ് സംസ്ഥാനത്തിന്റേത്. ഓണറേറിയം വർധിപ്പിക്കാൻ ധനവകുപ്പുമായി ചർച്ച നടത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ആശാ വർക്കർമാരുടെ വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ് ആക്കി ഉയർത്തിയപ്പോൾ സാക്ഷരത മിഷനിലൂടെ പത്താം ക്ലാസ് യോഗ്യതയില്ലാത്ത ആശമാരെ രജിസ്റ്റർ ചെയ്യിപ്പിച്ച് പരീക്ഷയെഴുതിപ്പിച്ചു. തുടർവിദ്യാഭ്യാസത്തിന് താത്പര്യമുള്ളവർ ഹയർസെക്കണ്ടറി തലത്തിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്നുമുണ്ട്. ഇതിനെല്ലാം ആശമാർക്ക് സാമ്പത്തിക പിന്തുണ നൽകുന്നത് സംസ്ഥാന സർക്കാരാണ്.

## ക്രിപ്റ്റോ കറൻസി തട്ടിപ്പ്; തമന്നയെയും കാജൽ അഗർവാളിനെയും ചോദ്യം ചെയ്യും

ചെന്നൈ: ക്രിപ്റ്റോ കറൻസി തട്ടിപ്പ് കേസിൽ നടിമാരായ തമന്ന ഭാട്ടിയ, കാജൽ അഗർവാൾ എന്നിവരെ ചോദ്യം ചെയ്യും. 60 കോടിയുടെ തട്ടിപ്പ് കേസിലാണ് പുതുച്ചേരി പോലീസിന്റെ നീക്കം. വിരമിച്ച സർക്കാർ ജീവനക്കാരൻ നൽകിയ പരാതിയിലാണ് നടപടി. ഉയർന്ന വരുമാനം വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്ത കമ്പനിയുടെ ഉദ്ഘാടനത്തിലും പ്രചാരണ പരിപാടികളിലും നടിമാർ പങ്കെടുത്തിരുന്നു.

2022ൽ നടി തമന്ന ഉൾപ്പെടെയുള്ള സിനിമാ രംഗത്തെ പ്രമുഖരെ അണിനിരത്തിയായിരുന്നു കമ്പനിയുടെ തുടക്കം. മൂന്ന് മാസത്തിന് ശേഷം നടി കാജൽ അഗർവാൾ ചെന്നൈയിലെ മഹാബലിപുരത്തെ സ്റ്റാർ ഹോട്ടലിൽ കമ്പനിയുടെ പരിപാടിയിൽ പങ്കെടുത്ത് 100 പേർക്കു കാറുകൾ സമ്മാനമായി നൽകി. ഇരുവർക്കും കമ്പനിയിൽ പങ്കാളിത്തമുണ്ടോയെന്ന സംശയത്തെ തുടർന്നാണു ചോദ്യം ചെയ്യാൻ തീരുമാനിച്ചത്.



# കേരളത്തിലെ ജനകീയ കാൻസർ സ്ക്രീനിംഗിനെ അഭിനന്ദിച്ച് വെയിൽസ് ആരോഗ്യ മന്ത്രി

## കൂടുതൽ ആരോഗ്യ പ്രവർത്തകരെ വെയിൽസിലേക്ക് റിക്രൂട്ട് ചെയ്യും

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി വെയിൽസ് ആരോഗ്യ വകുപ്പ് മന്ത്രി (ഹെൽത്ത് ആന്റ് സോഷ്യൽ കെയർ കാബിനറ്റ് സെക്രട്ടറി) ജെറമി മൈൽസ് സെക്രട്ടറിയേറ്റിൽ ചർച്ച നടത്തി. കൂടുതൽ ആരോഗ്യ പ്രവർത്തകരെ വെയിൽസിലേക്ക് റിക്രൂട്ട് ചെയ്യുമെന്ന് ജെറമി മൈൽസ് പറഞ്ഞു. ദന്തൽ ഡോക്ടർമാർക്കും, സൈക്യാട്രി നഴ്സുമാർക്കും വെയിൽസിൽ ഏറെ സാധ്യതയുണ്ട്. ആരോഗ്യ രംഗത്ത് കേരളവുമായുള്ള ബന്ധം ശക്തിപ്പെടുത്തും. വെയിൽസിലെ സ്കിൽ ഷോർട്ടേജ് പരിഹരിക്കുന്നതിന് കേരളത്തിലെ സ്കിൽഡ് ക്വാളിഫൈഡ് പ്രൊഫഷണൽമാരുടെ സേവനം പ്രയോജനപ്പെട്ടു. കേരളത്തിലെ ആരോഗ്യ പ്രവർത്തകരുടെ കഴിവും സേവന സന്നദ്ധയും കാരണം വെയിൽസിൽ ധാരാളം അവസരങ്ങൾ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ കാൻസർ സ്ക്രീനിംഗിനെ കാബിനറ്റ് സെക്രട്ടറി പ്രത്യേകം അഭിനന്ദിച്ചു. ആരോഗ്യ രംഗത്ത് കേരളം നൂതനവും ജനക്ഷേമകരവുമായ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. അതിൽ ഏറ്റവും വലിയ ഉദാഹരണമാണ് 30 വയസിന് മുകളിലുള്ളവർക്ക് കാൻസർ ഉണ്ടോ എന്ന് കണ്ടെത്തുവാനുള്ള സ്ക്രീനിംഗ് പ്രോഗ്രാം. വികസിത രാജ്യങ്ങളിൽ പോലും 40 വയസിന് മുകളിലുള്ളവരെ മാത്രം സ്ക്രീൻ ചെയ്യുമ്പോൾ കേരളത്തിൽ 30 വയസിന് മുകളിലുള്ള എല്ലാവരേയുമാണ് സ്ക്രീൻ ചെയ്യുന്നത്. ഇത്രയും ജനകീയമായി നടക്കുന്നത് ഇവിടെയാണ്.

കാൻസർ സ്ക്രീനിംഗ് മാത്രമല്ല തുടർ പരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നതായും മന്ത്രി വീണാ ജോർജ് പറഞ്ഞു. ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യ ഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. ആരോഗ്യ രംഗത്ത് മുന്നേറ്റത്തിനായി ഹെൽത്തി ലൈഫ് ക്യാമ്പയിൻ, സ്കൂൾ ഹെൽത്ത് തുടങ്ങിയ പദ്ധതികളും ലക്ഷ്യമിടുന്നതായി മന്ത്രി പറഞ്ഞു.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ മന്ത്രി ഉൾപ്പെട്ട സംഘം മുമ്പ് വെയിൽസ് സന്ദർശിച്ചിരുന്നു. തുടർന്ന് വെയിൽസുമായി 2024 മാർച്ച് ഒന്നിന് നോർക്ക ധാരണാപത്രത്തിൽ ഒപ്പിട്ടിരുന്നു. വെയിൽസിലെ ആരോഗ്യ മേഖലയിലേക്ക് പ്രതിവർഷം 250 പ്രൊഫഷണലുകളെ നിയമിക്കുന്നതിനാണ് ധാരണയായത്. റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായും സുഗമമായും നടന്നതിനാൽ, ധാരണയായതിൽ നിന്നും അധികമായി 352 നഴ്സുമാർക്ക് വെയിൽസിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചു. 94 പേർ നിയമനത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ, 31 ഡോക്ടർമാർ വെയിൽസിൽ ജോലിയിൽ പ്രവേശിക്കുകയും 21 പേർ നിയമനത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ 30 ഓളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് മാർച്ച് ഏഴിന് ഓൺലൈൻ ഇന്റർവ്യൂ നിശ്ചയിച്ചിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഏകദേശം 500 ഓളം പേർക്ക് നിയമനം നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

ഡിപ്ലോമാറ്റ് മിച്ച് തീക്കർ, പ്രൈവറ്റ് സെക്രട്ടറിമാരായ വില്യം തോമസ്, ജോനാഥൻ ബ്രൂംഫീൽഡ്, സൗത്ത് ഇന്ത്യ കൺട്രി മാനേജർ ബിൻസി ഈശോ, എൻ.എച്ച്.എസ്. വർക്ക് ഫോഴ്സ് ഇയാൻ ഓവൻ, ഡെപ്യൂട്ടി ഹെഡ് ഓഫ് മിഷൻ ജയിംസ് ഗോർഡൻ, എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, നോർക്ക റൂട്ട്സ് സിഇഒ അജിത് കോളശേരി, റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



വെയിൽസ് ഹെൽത്ത് ആന്റ് സോഷ്യൽ കെയർ കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുന്നു

# വെയിൽസ് കാബിനറ്റ് സെക്രട്ടറി ജെറമി മെൽസ് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

വെയിൽസ് (യുകെ) ആരോഗ്യ, സാമൂഹിക ക്ഷേമ വകുപ്പ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച്ച നടത്തി. വരുന്ന വർഷത്തിൽ 200 ആരോഗ്യ പ്രവർത്തകരെ കൂടി വെയിൽസിലേക്ക് റിക്രൂട്ട് ചെയ്യാനുള്ള സന്നദ്ധത ക്യാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് മുഖ്യമന്ത്രിയെ അറിയിച്ചു. ഒരു വർഷത്തിനുള്ളിൽ 350 ലധികം ആരോഗ്യപ്രവർത്തകരാണ് നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റിലൂടെ വെയിൽസിലെത്തിയത്. കേരളത്തിലെ ആരോഗ്യ പ്രവർത്തകർ വെയിൽസിന്റെ ആരോഗ്യ മേഖലയിൽ നടത്തുന്ന പ്രവർത്തനം നിസ്തുലമാണെന്ന് ജെറമി മൈൽസ് മുഖ്യമന്ത്രിയെ അറിയിച്ചു. കൂടുതൽ ആരോഗ്യ പ്രവർത്തകർക്ക് വെയിൽസിൽ അവസരങ്ങളുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. വെയിൽസിന്റെ സഹകരണത്തിന് മുഖ്യമന്ത്രി നന്ദി പറഞ്ഞു.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം മുമ്പ് വെയിൽസ് സന്ദർശിച്ചിരുന്നു. തുടർന്ന് വെയിൽസിലേയ്ക്ക് ആരോഗ്യപ്രവർത്തകരെ റിക്രൂട്ട്ചെയ്യുന്നതിനുള്ള കരാർ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ 2024 മാർച്ച് ഒന്നിന് ഒപ്പുവെച്ചിരുന്നു. 'വെയിൽസ് ഇൻ ഇന്ത്യ 2024' വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനചടങ്ങുകളുടെ ഭാഗമായിട്ടാണ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസിന്റെ നേതൃത്വത്തിലുള്ള സംഘം കേരളത്തിലെത്തിയത്. ഡിപ്ലോമാറ്റ് മിച്ച് തീക്കർ, ബ്രിട്ടീഷ് ഹൈക്കമ്മീഷൻ ഡെപ്യൂട്ടി മിഷൻ ഹെഡ് ജെയിംസ് ഗോർഡൻ, പ്രൈവറ്റ് സെക്രട്ടറിമാരായ വില്യം തോമസ്, ജോനാഥൻ ബ്രൂംഫീൽഡ്, നോർക്ക സെക്രട്ടറി ഡോ. കെ വാസുകി, നോർക്ക റൂട്ട്സ് സിഇഒ അജിത് കോളശേരി, സൗത്ത് ഇന്ത്യ കൺട്രി മാനേജർ ബിൻസി ഈശോ, എൻ.എച്ച്.എസ്. വർക്ക് ഫോഴ്സ് ഇയാൻ ഓവൻ, എന്നിവർ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

എ എ റഹീം എം പി, ആന്റണി രാജു എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ് അയ്യർ, കെ എസ് എഫ് ഡി സി ചെയർമാൻ ഷാജി എൻ കരുൺ, ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ കമൽ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി സി അജോയ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# അന്താരാഷ്ട്ര വനിതാ ദിനാഘോഷം ശനിയാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

## സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ വിതരണം ചെയ്യും

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനാഘോഷം ശനിയാഴ്ച (മാർച്ച് 1) മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാവിലെ 10 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഭാഗ്യമാല ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ വിതരണം ചെയ്യും.

വനിതാ കമ്മീഷന്റെ പ്രഥമ സ്ത്രീശക്തി പുരസ്കാരത്തിന് അർഹരായ 9 പേരെ പരിപാടിയിൽ ആദരിക്കും. ഈ വർഷത്തെ പത്മശ്രീ അവാർഡിന് അർഹയായ ഡോ. കെ. ഓമനക്കുട്ടി ടീച്ചർ, അണ്ടർ 19 ട്വന്റി ട്വന്റി ലോകകപ്പ് നേടിയ ഇന്ത്യൻ ടീം അംഗം വി.ജെ ജോഷിത, കാൻസർ അതിജീവിതയും വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ ജേതാവുമായ പൂജപ്പുര വനിതകളുടെ തുറന്ന ജയിൽ സൂപ്രണ്ട് സോഫിയ ബീവി, 2022-ൽ പത്മശ്രീ അവാർഡ് ലഭിച്ച സാക്ഷരതാ പ്രവർത്തകയായ മലപ്പുറം സ്വദേശിനി കെ.വി. റാബിയ, 1986 മുതൽ 18 വയസിന് മുകളിലുള്ള ഭിന്നശേഷിക്കാർക്കായി തൃശൂർ കാര്യാട്ടുകരയിൽ അസോസിയേഷൻ ഫോർ മെന്റലി ഹാൻഡിക്യാപ്ഡ് അഡൾട്ട്സ് എന്ന സ്ഥാപനം നടത്തിവരുന്ന പ്രൊഫ. പി. ഭാനുമതി, ഇടുക്കി ജില്ലയിൽ അന്യം നിന്നുപോയ കിഴങ്ങുവർഗങ്ങളുടെ പരിരക്ഷകയായ 85 വയസുള്ള കർഷക ലക്ഷ്മി ഊഞ്ഞാംപാറകുടി, ചെങ്കൽചൂളയിലെ ഹരിതകർമ്മ സേനാംഗമായ സാഹിത്യകാരി ധനൂജ കുമാരി, കരിവെള്ളൂർ സ്വദേശിയും മസ്കുലർ ഡിസ്ട്രോഫി ബാധിതയുമായ സാഹിത്യകാരി സതി കൊടക്കാട്, ജീവിത സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായി മരംവെട്ട് ഉപജീവനമാർഗമാക്കിയ പാലക്കാട് സ്വദേശി എസ്. സുഹദ എന്നിവരെയാണ് പുരസ്കാരത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

മന്ത്രി വീണാ ജോർജ് അദ്ധ്യക്ഷയാകുന്ന പരിപാടിയിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ശശി തരൂർ എം പി, വി കെ പ്രശാന്ത് എംഎൽഎ, മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ ശർമ്മിള മേരി ജോസഫ് എന്നിവർ വിശിഷ്ടാതിഥികളാകും. ജില്ലാ കളക്ടർ അനുകുമാരി, പൊലീസ് ഹെഡ് ക്വോർട്ടേഴ്സ് ഐജി ഹർഷിത അട്ടല്ലൂരി, വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, വനിതാ കമ്മീഷൻ ഡയറക്ടർ ഷാജി സുഗുണൻ, വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ ഇന്ദിര രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, വി ആർ മഹിളാമണി, അഡ്വ. പി കുഞ്ഞായിഷ, കൗൺസിലർ പാളയം രാജൻ എന്നിവർ ആശംസകൾ അർപ്പിക്കും. വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി സതീദേവി സ്വാഗതവും മെമ്പർ സെക്രട്ടറി വൈ ബി ബീന നന്ദിയും അർപ്പിക്കും.

ആഘോഷപരിപാടിയുടെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ രാവിലെ 9 മണി മുതൽ അർബുദ പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിനു ശേഷം ഉച്ച കഴിഞ്ഞ് വനിതാ കമ്മീഷന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നിർമിച്ച ഡോക്യുമെന്ററി 'കരുതലിന്റെ കാൽനൂറ്റാണ്ട്' പ്രദർശിപ്പിക്കും.

തുടർന്ന് നടക്കുന്ന കലാസായാഹ്നം പരിപാടി സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ ഉദ്ഘാടനം ചെയ്യും. ഷൈലജ പി അംബു അവതരിപ്പിക്കുന്ന ഏകാംഗനാടകം 'മത്സ്യഗന്ധി'യും മൈമും സംഗീത പരിപാടിയും അരങ്ങേറും.

# ഫെബ്രുവരിയിലെ റേഷൻ വിതരണം മാർച്ച് 3 വരെ നീട്ടി

ഫെബ്രുവരി മാസത്തെ റേഷൻ വിതരണം മാർച്ച് 3 വരെ നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു. മാർച്ച് 4ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. മാർച്ച് 5 മുതൽ ഈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. സംസ്ഥാനത്ത് ഫെബ്രുവരി 28 വൈകിട്ട് 5.30 വരെ 77 ശതമാനം കാർഡ് ഉടമകൾ റേഷൻ കൈപ്പറ്റിയിട്ടുണ്ട്. വെള്ളിയാഴ്ച മാത്രം 5,07,660 കാർഡ് ഉടമകൾ റേഷൻ വാങ്ങി. ഫെബ്രുവരിയിൽ റേഷൻ കൈപ്പറ്റാനുള്ള എല്ലാ റേഷൻ കാർഡ് ഉടമകളും മാർച്ച് 3 നകം വിഹിതം കൈപ്പറ്റണമെന്ന് മന്ത്രി അറിയിച്ചു.

# ജൈവവൈവിധ്യ ബോർഡിന്റെ ഇരുപതാം വാർഷികം

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ഇരുപതാം വാർഷികാഘോഷങ്ങളുടെയും 'ഴ്ല്യ്യ ഇവശഹറ മ ടരശലിശേേ മിറ മി ആ്യശേേ (ഋഇഅടഅ)' എന്ന കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതിയുടേയും ഔപചാരിക ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു നിർവഹിച്ചു.

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും കുറിച്ച് വിശദീകരിച്ചതോടൊപ്പം ജൈവവൈവിധ്യ ബോർഡിലെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണമായ പിന്തുണ ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു. തൈക്കാട് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി ദത്തൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ.എൻ. അനിൽ കുമാർ, മെമ്പർ സെക്രട്ടറി ഡോ.വി.ബാലകൃഷ്ണൻ മുൻ ബോർഡ് ചെയർമാൻമാരായ ഡോ.ആർ.വി. വർമ്മ, ഡോ.ഉമ്മൻ വി ഉമ്മൻ, ഡോ.സി ജോർജ് തോമസ്, തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ.സി.എസ് വിമൽകുമാർ നന്ദി രേഖപ്പെടുത്തി. വള്ളക്കടവ് ജൈവവൈവിധ്യ മ്യൂസിയത്തിന് സമീപത്തുള്ള കുട്ടികൾക്കായി 'ഇക്കാസ' യുടെ പ്രഥമ പരിപാടി എം.സി ദത്തൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഇ കുഞ്ഞികൃഷ്ണൻ, 'കേരളത്തിലെ ജൈവവൈവിധ്യത്തിനൊരാമുഖം' എന്ന പരിപാടിയിൽ കുട്ടികളുമായി സംവദിച്ചു. കിറ്റ്സ് പ്രിൻസിപ്പൽ രാജേന്ദ്രൻ പരിപാടിയിൽ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി Kunming-Montreal Global Biodiversity Framework ലെ 23 ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കേരള സംസ്ഥാന ജൈവവൈവിധ്യ ആസൂത്രണ കർമ്മ പദ്ധതിക്ക് അന്തിമരൂപം നൽകി.

# കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സ് അഡ്മിഷൻ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സിൽ പ്രാരംഭ അഡ്മിഷൻ മാർച്ച് ഒന്നിന് രാവിലെ 11-ന് നടത്തും.

അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, KMAT/CAMT/CAT' യോഗ്യതയും ഉള്ളവർക്ക് പങ്കെടുക്കാം. കേരള സർവ്വകലാശാലയുടേയും, എ.ഐ.സി.ടി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജമെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയിക്കുന്നവർക്ക് പ്ലേസ്മെന്റ് സാകര്യം നൽകുന്നു.

എസ്.സി/എസ്.ടി വിദ്യാർഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 8129166616 .

# മതമാറ്റക്കുറ്റം ആരോപിച്ച് അറസ്റ്റും ജയിലും; ബീവാറിൽ സംഘർഷം

ജയ്പുർ: രാജസ്ഥാനിലെ ബീവാർ ജില്ലയിൽ പെൺകുട്ടികളെ ബലാത്സംഗം ചെയ്ത് മതംമാറ്റിയെന്ന ആരോപണത്തിൽ അറസ്റ്റിലായ വാർഡ് കൗൺസിലർ ഉൾപ്പെടെ നാല് പേർ റിമാൻഡിൽ. അജ്മീർ കോടതിയാണ് വാർഡ് കൗൺസിലർ ഹക്കിം ഖുറേഷിയെയും മറ്റ് മൂന്ന് പേരെയും അഞ്ച് ദിവസത്തേക്ക് റിമാൻഡ് ചെയ്തത്.

കേസിൽ ഇതുവരെ ഒമ്പത് മുസ്ലിംകളാണ് അറസ്റ്റിലായിരിക്കുന്നത്. മൂന്ന് പ്രായപൂർത്തിയാകാത്തവരെയും പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇതോടെ ബീവാർ ജില്ലയിൽ സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. പ്രായപൂർത്തിയാവാത്ത പെൺകുട്ടി പിതാവിന്റെ പേഴ്സിൽനിന്നും 2,000 രൂപ കവർന്ന സംഭവം ഹിന്ദു-മുസ്ലിം സംഘർഷമായി വളരുകയായിരുന്നു.

പെൺകുട്ടിക്ക് മുസ്ലിം യുവാവുമായി ബന്ധമുണ്ടെന്നും ഇയാൾ പരസ്പരം ബന്ധപ്പെടാൻ ചൈനീസ് മൊബൈൽ ഫോൺ നൽകിയെന്നും മാതാപിതാക്കൾ കണ്ടെത്തി. പെൺകുട്ടിയുടെ പ്രായപൂർത്തിയാവാത്ത സഹോദരിക്കും മറ്റൊരു മുസ്ലിം യുവാവുമായി ബന്ധമുണ്ടെന്നും പറയുന്നു. പെൺകുട്ടികളെ നിർബന്ധിച്ച് യുവാക്കൾ ബന്ധം നിലനിർത്താൻ പ്രേരിപ്പിച്ചതായും പറയുന്നു. ഇത്തരത്തിൽ അഞ്ച് പെൺകുട്ടികൾ ചൂഷണത്തിനിരയായെന്നാണു പരാതി. പെൺകുട്ടികളുടെ മെഡിക്കൽ പരിശോധനാ റിപ്പോർട്ടും പിടിച്ചെടുത്ത മൊബൈൽ ഫോണിന്റെ ഫോറൻസിക് ലാബ് റിപ്പോർട്ടും കാത്തിരിക്കുകയാണ്. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ഇതോടെ പ്രദേശത്ത് ഹിന്ദു-മുസ്ലിം സംഘർഷം ആരംഭിച്ചു. സംഭവത്തിനു ശേഷം, പ്രതികളുടെ കുടുംബങ്ങൾക്കും പ്രാദേശിക ജുമാ മസ്ജിദിനും കൈയേറ്റ നോട്ടീസ് ലഭിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കണമെന്നാവശ്യപ്പെട്ടാണ് ബിജയ്നഗർ മുനിസിപ്പാലിറ്റി നോട്ടീസ് അയച്ചത്. ക്രമക്കേടുകൾ ആരോപിച്ച് മുനിസിപ്പാലിറ്റി ചില കെട്ടിടങ്ങൾ പൊളിക്കുകയും ചെയ്തു.ഇതോടെ മുസ്ലിംകൾ വിഷയത്തിൽ നിയമസഹായം തേടി. ചൊവ്വാഴ്ച, മുസ്ലിം പ്രതിനിധി സംഘം ബീവാർ ജില്ലാ കളക്ടർക്ക് നിവേദനം നൽകി. തുടർന്ന്, പൊളിക്കൽ നടപടികളുമായി മുന്നോട്ട് പോകരുതെന്ന് കളക്ടർ മുനിസിപ്പാലിറ്റിയോട് നിർദേശിച്ചു. തങ്ങൾ നിരന്തരം ഭയത്തോടെയാണ് ജീവിക്കുന്നതെന്ന് അറസ്റ്റിലായ പ്രതികളുടെ കുടുംബാംഗങ്ങൾ പറയുന്നു.

# തൊഴിലധിഷ്ഠിത കോഴ്സുകളിൽ സീറ്റൊഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിങ് ഡിവിഷനിൽ ആരംഭിച്ച ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിങ്, ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് എന്നീ ഗവൺമെന്റ് അംഗീകൃത കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിദ്യാർഥികൾക്ക് ഫീസ് സൗജന്യമായിരിക്കും. ഒബിസി/ എസ്ഇബിസി/ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ് ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 വിലാസത്തിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ്: www.captkerala.com, ഫോൺ: 0471-2474720

# വ്യവസായിക സുരക്ഷിതത്വ അവാർഡ് വിതരണം 4 ന്

സുരക്ഷിത തൊഴിൽസാഹചര്യം ഉറപ്പാക്കുന്ന വ്യവസായശാലകൾക്ക് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകുന്ന വ്യാവസായിക സുരക്ഷിതത്വ അവാർഡുകൾ മാർച്ച് നാലിന് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വിതരണം ചെയ്യും. ഉച്ചക്ക് 12 ന് മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന പരിപാടിയിൽ ഫാക്ടറി ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് വിതരണവും പുതിയ മൊബൈൽ മെഡിക്കൽ എക്സാമിനേഷൻ യൂണിറ്റിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.വി കെ പ്രശാന്ത് എം എൽ എ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ പി പ്രമോദ്, ജോയിന്റ് ഡയറക്ടർ ടി കെ ഷാബുജാൻ, മുൻ എം പിയും ദേശീയ സുരക്ഷാ കൗൺസിൽ കേരള ഘടകം വൈസ് ചെയർമാനും ഗ്രേറ്റർ കൊച്ചി ഡവലപ്മെന്റ് അതോറിറ്റി ചെയർമാനുമായ കെ ചന്ദ്രൻ പിള്ള, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് ചെയർമാൻ കെ എൻ ഗോപിനാഥ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി ജയൻ ബാബു, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിനോദ് ജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ ഷീല എ എം, കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് എ നിസാറുദ്ദീൻ, ഫാക്ടറീസ് അൻഡ് ബോയിലേഴ്സ് ഗ്രേഡ്- കക ഇൻസ്പെക്ടർ രമേഷ് ചന്ദ്രൻ ആർ തുടങ്ങിയവർ സംബന്ധിക്കും.

# എല്ലാവർക്കും പെൻഷൻ; പുതിയ പദ്ധതി ആലോചിച്ച് കേന്ദ്രം

ന്യൂഡൽഹി: രാജ്യത്തെ എല്ലാ പൗരന്മാർക്കും 60 വയസ് കഴിഞ്ഞാൽ പ്രതിമാസം കുറഞ്ഞത് 3,000 രൂപ പെൻഷൻ ലഭിക്കുന്ന സാർവത്രിക പെൻഷൻ പദ്ധതി നടപ്പാക്കാൻ കേന്ദ്രം കൂടിയാലോചന തുടങ്ങി. കേന്ദ്രസർക്കാർ ഒരു രൂപപോലും സംഭാവനയായി നൽകാതെയാകും ഇഷ്ടമുള്ളവർക്കു മാത്രം ചേരാൻ കഴിയുന്ന പുതിയ പെൻഷൻ പദ്ധതി നടപ്പാക്കുക.

പുതിയ സാർവത്രിക പെൻഷൻ പദ്ധതിയിൽ ചേരുന്നവർ സ്വമേധയാ അവരുടെ വിഹിതം (സംഭാവന) അടയ്ക്കണം. നിലവിലുള്ള മറ്റു പെൻഷൻ പദ്ധതികളിലെല്ലാം സർക്കാരോ, തൊഴിലുടമയോ അംഗം അടയ്ക്കുന്ന തുകയ്ക്കു തുല്യമോ, സമാനമോ ആയ തുക അടയ്ക്കുന്നുണ്ട്. പ്രോവിഡന്റ് ഫണ്ട് പെൻഷനടക്കം നിലവിലുള്ള പെൻഷൻ പദ്ധതികളെല്ലാം പുതിയ പെൻഷൻ പദ്ധതി വന്നാലും തുടരും.

ആവശ്യമുള്ളവർക്ക് നിലവിലുള്ള ചില പദ്ധതികളുമായി പുതിയ പെൻഷൻ പദ്ധതി സംയോജിപ്പിക്കുന്നത് അടക്കമുള്ള വിശദാംശങ്ങൾ ചർച്ച ചെയ്തു വരികയാണ്. പുതിയ പദ്ധതിക്കായുള്ള നിർദേശ രേഖ വൈകാതെ തയാറാകുമെന്ന് കേന്ദ്രം വിശദീകരിച്ചു. നിർദേശ രേഖ പൂർത്തിയായിക്കഴിഞ്ഞാൽ പങ്കാളികളുടെ കൂടിയാലോചന ആരംഭിക്കും.

അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നവരുൾപ്പെടെ നിലവിൽ സർക്കാരിന്റെ സന്പാദ്യ, പെൻഷൻ പദ്ധതികളിലൊന്നും ഉൾപ്പെടാത്ത പൗരന്മാർക്കു കൂടി 60 വയസ് കഴിയുന്പോൾ പ്രതിമാസ പെൻഷൻ ലഭ്യമാക്കുകയാണു ലക്ഷ്യം.

താത്കാലിക, കരാർ, നിർമാണ തൊഴിലാളികൾ, ഓൺ കോൾ, ഓൺലൈൻ തൊഴിലാളികൾ, വീട്ടുജോലിക്കാർ, സ്വയം തൊഴിൽ ചെയ്യുന്നവർ തുടങ്ങിയവർ മുതൽ ശന്പളം വാങ്ങുന്ന ജീവനക്കാർ വരെയുള്ള രാജ്യത്തെ കോടിക്കണക്കിന് ആളുകൾക്ക് സ്വമേധയാ പുതിയ പദ്ധതിയിൽ അംഗങ്ങളാകാം. രാജ്യത്തു നിലവിലുള്ള പുതിയ പെൻഷൻ സംവിധാനം (എൻപിഎസ്) തുടർന്നുകൊണ്ടാകും സമാനമായ പുതിയ പദ്ധതിയും നടപ്പാക്കുക.

സ്വമേധയാ വിഹിതം അടയ്ക്കേണ്ട എൻപിഎസ് പദ്ധതി 18നും 70നും ഇടയിൽ പ്രായമുള്ള പ്രവാസികൾ ഉൾപ്പെടെ എല്ലാ പൗരന്മാർക്കും ലഭ്യമാണ്. എന്നാൽ എൻപിഎസ് അപേക്ഷകർ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപറേഷൻ (ഇഎസ്ഐ) പദ്ധതികളിൽ ഉൾപ്പെടരുതെന്നും ആദായനികുതി അടയ്ക്കുന്നവരും ആയിരിക്കരുതെന്നുമുള്ള നിബന്ധനകളുണ്ട്. ഇതിനുപുറമെ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വാർധക്യ സംരക്ഷണം ഉറപ്പാക്കുന്ന പ്രധാനമന്ത്രി ശ്രം യോഗി മാൻ-ധൻ പദ്ധതിയും സർക്കാർ നടത്തുന്നു.

പുതിയ പെൻഷൻ പദ്ധതിയിലെ അംഗങ്ങൾക്ക് 60 വയസ് തികഞ്ഞശേഷം പ്രതിമാസം 3,000 രൂപയാണ് കുറഞ്ഞ പെൻഷൻ ലഭിക്കുക. മുടക്കമില്ലാതെ സംഭാവന നൽകിയിട്ടുണ്ടെങ്കിൽ പെൻഷൻ ഗുണഭോക്താവ് മരിച്ചാലും പെൻഷൻ തുകയുടെ 50 ശതമാനം അവരുടെ പങ്കാളിക്ക് ലഭിക്കും.

ഗുണഭോക്താവിന്റെ പങ്കാളിക്ക് പ്രതിമാസ സംഭാവന അടച്ചു പദ്ധതിയിൽ തുടരാനോ അല്ലെങ്കിൽ എക്സിറ്റ്, പിൻവലിക്കൽ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽനിന്ന് പുറത്തുകടക്കാനോ അർഹതയുണ്ടായിരിക്കും.

# മണിപ്പുരിൽ തിരിച്ചുകിട്ടിയത് പേരിനു മാത്രം ആയുധങ്ങൾ

ന്യൂഡൽഹി: മണിപ്പുരിൽ മെയ്തെയ്, കുക്കി വിഭാഗങ്ങളുടെ പക്കലുള്ള അനധികൃത ആയുധങ്ങൾ അടിയറവ് വയ്ക്കാനുള്ള ഗവർണറുടെ അഭ്യർഥന വിജയിച്ചില്ല. നിയമവിരുദ്ധമായവ തിരികെ നൽകാനുള്ള ഒരാഴ്ച സമയം ഇന്നലെ അവസാനിച്ചപ്പോൾ 350ലേറെ ആയുധങ്ങളും 3,500 വെടിയുണ്ടകളും മാത്രമാണ് ഇരുവിഭാഗവും അടിയറവു വച്ചത്. തീവ്ര മെയ്തെയ് ഗ്രൂപ്പായ അരംബായി തെങ്കോളിന്റെ പക്കലുള്ള ഏതാനും ആയുധങ്ങളും വെടിക്കോപ്പുകളും ഇംഫാലിൽ ഇന്നലെ പോലീസിനു കൈമാറി. എന്നാൽ, ഇവയുടെ കൃത്യമായ എണ്ണം വെളിപ്പെടുത്താൻ പോലീസ് വിസമ്മതിച്ചു. ഏതാനും പിക്ക്അപ് വാനുകളിലും ലോറികളിലും ആയുധശേഖരം എത്തിക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി ഇവർ പ്രചരിപ്പിച്ചു.

തങ്ങളുടെ വ്യവസ്ഥകൾ അംഗീകരിച്ചാൽ ആയുധങ്ങൾ അടിയറവ് വയ്ക്കാമെന്ന് അരംബായി തെങ്കോൾ വ്യക്തമാക്കിയിരുന്നു. ഇവർക്കു പുറമെ ആറു ജില്ലകളിലായി 104 ആയുധങ്ങളാണ് ബുധനാഴ്ച മറ്റു ഗ്രൂപ്പുകൾ തിരിച്ചേൽപ്പിച്ചതെന്ന് പോലീസ് പറഞ്ഞു. കാങ്പോക്പി, ഇംഫാൽ ഈസ്റ്റ്, ബിഷ്ണുപുർ, തൗബൽ, ഇംഫാൽ വെസ്റ്റ്, കക്ചിംഗ് ജില്ലകളിലാണ് ബുധനാഴ്ച ആയുധങ്ങൾ സമർപ്പിച്ചത്.

കൈവശമുള്ള നിയമവിരുദ്ധമായ ആയുധങ്ങൾ ഉപേക്ഷിക്കാൻ അനുവദിച്ച എഴു ദിവസത്തെ സമയപരിധി ഇന്നലെ വൈകുന്നേരം സമാപിച്ചു. ആയുധം സ്വമേധയാ തിരികെ നൽകുന്നവർക്കെതിരേ ശിക്ഷാനടപടി സ്വീകരിക്കില്ലെന്ന് ഗവർണർ അജയ് കുമാർ ഭല്ലയും ചീഫ് സെക്രട്ടറി പി.കെ. സിംഗും ഉറപ്പു നൽകിയിരുന്നു. ആയുധങ്ങൾ തിരിച്ചുനൽകാൻ അനുവദിച്ച ഒരാഴ്ച സമയം നീട്ടില്ലെന്നും ചീഫ് സെക്രട്ടറി വ്യക്തമാക്കിയിരുന്നു. അനധികൃത തോക്കുകളും ബോംബുകളും വീണ്ടെടുക്കാൻ സുരക്ഷാസേന ഇന്നുമുതൽ നടപടിയെടുക്കുമെന്നും പി. കെ. സിംഗ് പ്രഖ്യാപിച്ചു.

സൈന്യവും ആസാം റൈഫിൾസും സിആർപിഎഫും പോലീസും നടത്തിയ തെരച്ചിലിൽ വിവിധ ജില്ലകളിലായി മെയ്തെയ്, കുക്കി സായുധസംഘങ്ങളും ഗ്രാമ വോളണ്ടിയർമാരും സ്ഥാപിച്ച അര ഡസനിലധികം അനധികൃത ബങ്കറുകൾ പൊളിച്ചുമാറ്റി. അനധികൃത പോപ്പി തോട്ടങ്ങളും സുരക്ഷാസേന നശിപ്പിച്ചു.

കാംഗ്ലെയ്പാക് കമ്യൂണിസ്റ്റ് പാർട്ടി (കെസിപി), കാംഗ്ലെയ്പാക് കമ്യൂണിസ്റ്റ് പാർട്ടി-പീപ്പിൾസ് വാർ ഗ്രൂപ്പ് (കെസിപി-പിഡബ്ല്യുജി), കാംഗ്ലെയ് യാവോൽ കണ്ണ ലുപ് (കെവൈകെഎൽ) സംഘടനകൾ ഉൾപ്പെടെയുള്ള വിവിധ തീവ്രവാദ സംഘടനകളിലെയും സായുധ ഗ്രൂപ്പുകളിലെയും 50ലധികം കേഡറുകളെയും സുരക്ഷാസേനകൾ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതേസമയം, തീവ്ര മെയ്തെയ് ഗ്രൂപ്പായ അരംബായ് തെങ്കോൾ ഇന്നലെ തിരികെ നൽകിയ തോക്കുകളും വെടിക്കോപ്പുകളും അവരുടെ പക്കലുള്ളതിന്റെ നേരിയ അംശം മാത്രമാണെന്ന് റിപ്പോർട്ടുകളുണ്ട്.

ഗവർണർ അജയ് ഭല്ലയുമായി നടത്തിയ ചർച്ചയിൽ ഉന്നയിച്ച നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചാൽ മാത്രമേ നിയമവിരുദ്ധ ആയുധങ്ങൾ ഉപേക്ഷിക്കുകയുള്ളൂവെന്ന് അരംബായി തെങ്കോൾ ബുധനാഴ്ച വ്യക്തമാക്കിയിരുന്നു. ഇത്രയും നിരുത്തരവാദപരമായ പത്രപ്രവർത്തനത്തിനെതിരേ പൊതുപ്രവർത്തകന് എന്തു സംരക്ഷണമാണുള്ളതെന്നും കെട്ടുകഥ സൃഷ്ടിക്കുന്നതിൽ ഉൾപ്പെട്ട ആരിൽനിന്നും ഇതുവരെ തനിക്കു ക്ഷമാപണം ലഭിച്ചിട്ടില്ലെന്നും തരൂർ തുറന്നടിച്ചു. മുഴുവൻ കഥയും അടിസ്ഥാനരഹിതമായിരുന്നുവെന്നതാണു നിർണായകം. താൻ പറഞ്ഞതോ ഉദ്ദേശിച്ചതോ ആയ അർഥമായിരുന്നില്ല തന്റെ വാക്കുകൾക്കു നൽകിയ വളച്ചൊടിക്കൽ എന്നതു വ്യക്തമാണെന്നും തരൂർ വിശദീകരിച്ചു. കേരളത്തിലെ കോൺഗ്രസ് കാര്യങ്ങൾ ചർച്ച ചെയ്യാൻ പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും രാഹുൽ ഗാന്ധിയും വിളിച്ച ഡൽഹി യോഗത്തിനു മുന്പായാണ് തരൂരിന്റെ രൂക്ഷ പ്രതികരണം.

കോൺഗ്രസിന്റെ പുതിയ ദേശീയ ആസ്ഥാനത്ത് ഇന്നു വൈകുന്നേരം 4.30 മുതൽ നടക്കുന്ന കേരള നേതാക്കളുടെയും എംപിമാരുടെയും യോഗത്തിൽ തരൂർ പങ്കെടുക്കുമെന്ന ബുധനാഴ്ചത്തെ ദീപികയുടെ എക്സ്ക്ലൂസീവ് റിപ്പോർട്ട് അദ്ദേഹം ഇന്നലെ ഡൽഹിയിൽ ശരിവച്ചു.

## എനിക്കെതിരേ വാർത്തകൾ നിർമിക്കപ്പെടുന്നു: തരൂർ

ന്യൂഡൽഹി: കഴിഞ്ഞ കുറച്ചു ദിവസങ്ങളായി തനിക്കെതിരേ വാർത്തകൾ നിർമിക്കപ്പെടുകയാണെന്ന് കോൺഗ്രസ് പ്രവർത്തകസമിതിയംഗം ഡോ. ശശി തരൂർ എംപി. താൻ പറയാത്ത കാര്യങ്ങൾ ഉൾപ്പെടെ വളച്ചൊടിച്ച് അപമാനിച്ചത് അടക്കം ലജ്ജാകരമായ രണ്ടു കാര്യങ്ങളാണ് ഇന്ത്യൻ എക്സ്പ്രസ് പത്രം ചെയ്തതെന്ന് തരൂർ കുറ്റപ്പെടുത്തി.

## കുമാരസ്വാമിക്കെതിരായ ക്രിമിനൽ കേസ് നടപടികൾ റദ്ദാക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: കേന്ദ്രമന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയും ജെഡി-എസ് നേതാവുമായ എച്ച്. ഡി. കുമാരസ്വാമിക്കെതിരായ ക്രിമിനൽ കേസ് നടപടികൾ റദ്ദാക്കാൻ വിസമ്മതിച്ച് സുപ്രീംകോടതി. 2019 ലെ കർണാടക ഹൈക്കോടതി ഉത്തരവിൽ ഇടപെടാൻ ജസ്റ്റീസുമാരായ ദീപങ്കർ ദത്ത, രാജേഷ് ബിൻഡൽ എന്നിവരടങ്ങിയ ബെഞ്ച് വിസമ്മതിച്ചു. 2018ൽ ഭേദഗതി ചെയ്ത അഴിമതി നിരോധന നിയമപ്രകാരം തനിക്കെതിരേയുള്ള ആരോപണത്തിൽ അന്വേഷണം നടത്താൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നു ചൂണ്ടിക്കാട്ടിയാണ് കുമാരസ്വാമി കോടതിയെ സമീപിച്ചത്. എന്നാൽ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കുമാര സ്വാമിക്കെതിരായ ആരോപണങ്ങളുടെ ഗൗരവവും വ്യക്തിപരമായ നേട്ടങ്ങൾക്കായി ഔദ്യോഗികപദവി ദുരുപയോഗം ചെയ്തുവെന്നും ചൂണ്ടിക്കാട്ടിയ കോടതി ഹർജിയിൽ ഇടപെടാൻ വിസമ്മതിക്കുകയായിരുന്നു. കുമാരസ്വാമി മുഖ്യമന്ത്രിയായിരുന്ന 2006 ജൂൺ മുതൽ 2007 ഒക്ടോബർ വരെ സാന്പത്തിക നേട്ടത്തിനായി ബംഗളൂരുവിൽ രണ്ടേക്കറിലധികം വരുന്ന ഭൂമിയുടെ വിജ്ഞാപനം റദ്ദാക്കാൻ കുമാരസ്വാമി നിയമവിരുദ്ധമായി ഉത്തരവിട്ടുവെന്നാണ് ആരോപണം.

# കഴിഞ്ഞ വർഷം രാജ്യത്ത് ഇൻറർനെറ്റ് റദ്ദാക്കിയത് 84 തവണ

ന്യൂഡൽഹി: കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ തവണ ഇൻറർനെറ്റ് റദ്ദാക്കിയ ജനാധിപത്യരാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഒന്നാമത്. സന്നദ്ധസംഘടനയായ ആക്സസ് നൗവിന്റെ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷം രാജ്യത്ത് 84 തവണ ഇൻറർനെറ്റ് റദ്ദാക്കിയതായാണ് റിപ്പോർട്ടിൽ പറയുന്നത്.

സൈനികഭരണം നിലനിൽക്കുന്ന മ്യാൻമറിൽ 85 തവണ ഇൻറർനെറ്റ് റദ്ദാക്കിയിട്ടുണ്ട്. മണിപ്പുർ സംഘർഷമടക്കം പൊട്ടിപ്പുറപ്പെട്ട 2023 ൽ 116 തവണയാണ് ഇന്ത്യയിൽ ഇൻറർനെറ്റ് റദ്ദാക്കിയത്. ഇതിൽനിന്നും നേരിയ കുറവാണ് കഴിഞ്ഞ വർഷം സംഭവിച്ചിട്ടുള്ളത്.

വിവിധ തരത്തിലുള്ള പ്രതിഷേധങ്ങളുടെ ഭാഗമായി 41 തവണയും വർഗീയ, വംശീയ കലാപത്തിന്റെ പേരിൽ 23 തവണയും ഇൻറർനെറ്റ് സേവനം രാജ്യത്തു വിവിധ ഭാഗങ്ങളിലായി റദ്ദാക്കിയെന്നും റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ തവണ ഇൻറർനെറ്റ് സേവനം റദ്ദാക്കിയ സംസ്ഥാനം മണിപ്പുരാണ്. 21 തവണയാണ് ഇവിടെ ഇൻറർനെറ്റ് സർക്കാർ റദ്ദാക്കിയത്. മണിപ്പുർ കലാപമായിരുന്നു കാരണം. ഹരിയാനയിലും ജമ്മു കാഷ്മീരിലും 12 തവണ വീതവും ഇൻറർനെറ്റ് സേവനങ്ങൾ റദ്ദാക്കി. 16ലധികം സംസ്ഥാനങ്ങളിൽ കുറഞ്ഞത് ഒരുതവണയെങ്കിലും ഇൻറർനെറ്റ് സേവനം സർക്കാർ റദ്ദാക്കി. കഴിഞ്ഞ വർഷം ഇൻറർനെറ്റ് സേവനങ്ങൾ റദ്ദാക്കിയ രാജ്യങ്ങളുടെ കണക്കെടുത്താൽ അതിൽ 64 ശതമാനത്തിലേറെയും മ്യാൻമർ, ഇന്ത്യ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലാണ്. ഏഷ്യ-പസഫിക് മേഖലയിലെ 11 രാജ്യങ്ങളിൽ മാത്രമായി 202 ലധികം തവണയാണ് ഇൻറർനെറ്റ് റദ്ദാക്കിയത്. മനുഷ്യന്റെ നിത്യജീവിതത്തിന്റെ ഭാഗമായ ഇൻറർനെറ്റ് സേവനം പ്രതിഷേധങ്ങളുടെ സമയത്ത് റദ്ദാക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്നും ആക്സസ് നൗവിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒഴിവുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 51,400 1,10,300 ശമ്പള സ്കെയിലിലുള്ളവർക്കും അതിനു താഴെ 41,300 87,000 വരെ ശമ്പള സ്കെയിലുള്ളവർക്കും അപേക്ഷിക്കാം.

ചട്ടപ്രകാരമുള്ള അപേക്ഷകൾ മാർച്ച് 13 ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, എസ്.എൻ. പാർക്ക്, പൂത്തോൾ പി.ഒ., തൃശൂർ, പിൻ: 680004 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ : 0487 2386871.

# 100 കോടി ഇന്ത്യക്കാർക്ക് അത്യാവശ്യ കാര്യങ്ങൾക്കു ചെലവഴിക്കാനുള്ള വരുമാനമേയുള്ളൂ: റിപ്പോർട്ട്

ന്യൂഡൽഹി: രാജ്യത്തെ 100 കോടി ജനങ്ങൾക്ക് അത്യാവശ്യ കാര്യങ്ങൾക്കു ചെലവഴിക്കാനുള്ള വരുമാനം മാത്രമേയുള്ളൂവെന്ന് ബ്ലൂം വെൻചേഴ്സ് കന്പനിയുടെ ഇൻഡസ് വാലി വാർഷിക റിപ്പോർട്ട്.

നികുതി, പാർപ്പിടം, വസ്ത്രം, ഭക്ഷണം തുടങ്ങിയ അത്യാവശ്യ ചെലവുകൾക്കുശേഷം ബാക്കിയുള്ള വരുമാനത്തിൽനിന്ന് രാജ്യത്തെ 70 ശതമാനം ജനങ്ങൾക്കും ചെലവഴിക്കാൻ പണം ലഭിക്കുന്നില്ലെന്നാണ് ബ്ലൂം വെൻചേഴ്സ് കന്പനിയുടെ പഠനത്തിൽ വ്യക്തമാകുന്നത്. 140 കോടി ജനങ്ങളിൽ സന്പദ് വ്യവസ്ഥയുടെ ഉന്നതിയിൽ നിൽക്കുന്ന പത്തു ശതമാനം പേർക്കു മാത്രമാണ് ഡിസ്ക്രീഷനറി വരുമാനത്തിൽനിന്ന് ഉപഭോഗ വസ്തുക്കൾക്കും വിനോദത്തിനുമായി പണം ചെലവഴിക്കാൻ കഴിയുന്നത്.

രാജ്യത്ത് ഉപഭോഗം വർധിക്കുന്പോഴും ഉപഭോഗ വിഭാഗത്തിലെ ജനങ്ങളുടെ എണ്ണം കൂടുന്നില്ലെന്നും പകരം സന്പന്നർക്ക് കൂടുതൽ സന്പത്ത് ലഭിക്കുകയാണ് ചെയ്യുന്നതെന്നും കണ്ടെത്തലുണ്ട്. സാന്പത്തിക വളർച്ചയെയും ഉപഭോഗത്തെയും നയിക്കുന്നത് ഇന്ത്യയിലെ പത്തു ശതമാനം വരുന്ന 14 കോടി ജനങ്ങൾ മാത്രമാണെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു.എളുപ്പത്തിൽ പണമയയ്ക്കാൻ സാധിക്കുന്ന ഓൺലൈൻ ഡിജിറ്റൽ സംവിധാനമായ യുപിഐയുടെ കടന്നു വരവോടെ അത്യാവശ്യ കാര്യങ്ങൾക്കുപുറമേ പണം ചെലവഴിക്കുന്ന പുതിയൊരു വിഭാഗം കൂടി ഉയർന്നുവരുന്നുണ്ട്. ഉപഭോഗത്തിനായി മാത്രം പണം ചെലവഴിക്കുന്ന ഇവരുടെ എണ്ണം 30 കോടിയോളം വരും.

രാജ്യത്ത് സാന്പത്തിക അസമത്വം വർധിച്ചുവരികയാണെന്നും റിപ്പോർട്ടിൽ പറയുന്നു. 1990ൽ ഇന്ത്യയിലെ സന്പദ് വ്യവസ്ഥയുടെ ഉന്നതിയിൽ നിൽക്കുന്ന പത്തു ശതമാനം ജനങ്ങൾ ദേശീയ വരുമാനത്തിന്റെ 34 ശതമാനമാണ് കൈയടക്കിവച്ചിരിക്കുന്നതെങ്കിൽ 2025ൽ അത് 57.7 ശതമാനമായി വർധിച്ചു.

കഴിഞ്ഞ പത്തു വർഷത്തിനിടെ ഇന്ത്യയുടെ ഉപഭോഗവളർച്ച ലോകത്തെ മറ്റു പല സന്പദ്‌വ്യവസ്ഥകളെക്കാൾ വളർച്ച പ്രാപിച്ചെങ്കിലും പ്രതിശീർഷ ഉപഭോഗച്ചെലവിൽ ഇന്ത്യ ചൈനയേക്കാൾ 13 വർഷം പിന്നിലാണെന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

2010ൽ ഒരു ചൈനീസ് പൗരൻ ശരാശരി 1597 ഡോളർ ഉപഭോഗത്തിനായി ഒരു വർഷം ചെലവിട്ടെങ്കിൽ 2023ലും ഒരു ശരാശരി ഇന്ത്യൻ പൗരന്റെ പ്രതിശീർഷ ഉപഭോഗ ചെലവ് 1493 ഡോളർ മാത്രമാണ്.

# ക്രൈസ്തവരുടെ സുരക്ഷ ഉറപ്പാക്കണം;ഛത്തീസ്ഗഡ് ചീഫ് സെക്രട്ടറിക്കു കത്തയച്ച് ന്യൂനപക്ഷ കമ്മിഷൻ

ന്യൂഡൽഹി: ക്രൈസ്തവരുടെ സുരക്ഷ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഛത്തീസ്ഗഡ് ചീഫ് സെക്രട്ടറിക്ക് ദേശീയ ന്യൂനപക്ഷ കമ്മീഷൻ കത്തയച്ചു. ഗോസംരക്ഷകനെന്ന് അവകാശപ്പെടുന്ന അദേശ് സോണി എന്നൊരാൾ ഛത്തീസ്ഗഡിലെ ക്രൈസ്തവർക്കെതിരേ അക്രമത്തിന് ആഹ്വാനം ചെയ്യുന്ന പോസ്റ്റ് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ചതിനു പിന്നാലെയാണ് കമ്മീഷന്റെ ഇടപെടൽ. മാർച്ച് ഒന്നിന് ഗോവധത്തിനെതിരേ റാലി സംഘടിപ്പിക്കാൻ സോണി ആഹ്വാനം ചെയ്യുന്ന വീഡിയോയും ലഭിച്ചിട്ടുണ്ട്.

പോസ്റ്റും വീഡിയോയും ചേർത്തുവായിച്ചാൽ ഛത്തീസ്ഗഡിലെ ക്രൈസ്തവരെ ആക്രമിക്കാനുള്ള തയാറെടുപ്പിന്റെ സൂചനയാണു ലഭിക്കുന്നതെന്ന് കമ്മീഷൻ കത്തിൽ പറയുന്നു.

വിഷയം ചൂണ്ടിക്കാട്ടി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം ദേശീയ കോ-ഓർഡിനേറ്റർ എ. സി. മൈക്കിൾ കമ്മീഷനെ സമീപിച്ചിരുന്നുവെന്നും അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുവെന്നും കത്തിൽ വ്യക്തമാക്കുന്നു.

ഛത്തീസ്ഗഡിലെ ക്രിസ്ത്യൻ സമൂഹത്തിന് ആവശ്യമായ സുരക്ഷ നൽകണമെന്നും വിഷയത്തിൽ വിശദമായ റിപ്പോർട്ട് കമ്മീഷന് അടിയന്തരമായി നൽകണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## 'റബ്ബർ, പ്ലാസ്റ്റിക് വ്യവസായം' ഏകദിന സെമിനാർ

വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള ചങ്ങനാശേരിയിലെ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ മാർച്ച് 1ന് റബ്ബർ, പ്ലാസ്റ്റിക് വ്യവസായം എന്ന വിഷയത്തിൽ പൊതുജനങ്ങൾക്കായി ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക്: 9744665687, 7907856226, cfscchry@gmail.com.

# കോടതി വ്യവഹാരങ്ങൾക്കായി പത്തു വർഷത്തിനിടെ കേന്ദ്രം ചെലവഴിച്ചത് 400 കോടി

ന്യൂഡൽഹി: കോടതി വ്യവഹാരങ്ങൾക്കായി കഴിഞ്ഞ പത്തു വർഷത്തിനിടെ കേന്ദ്രസർക്കാർ 400 കോടിയിലധികം രൂപ ചെലവഴിച്ചതായി ഔദ്യോഗിക കണക്കുകൾ.

2023- 24 സാമ്പത്തിക വർഷത്തിൽ വ്യവഹാരങ്ങൾക്കായി കേന്ദ്രസർക്കാർ 66 കോടി രൂപയാണു ചെലവഴിച്ചത്. ഇത് മുൻ സാമ്പത്തിക വർഷത്തേക്കാൾ ഒൻപത് കോടി കൂടുതലാണ്.

2014-15 വർഷത്തിൽ കോടതി വ്യവഹാരങ്ങൾക്കായി 26 കോടി രൂപയാണു ചെലവഴിച്ചത്. 2015-16ലെ ചെലവ് 64 കോടി രൂപയായിരുന്നു. 2014-15നും 2023-24 കാലഘട്ടത്തിനിടയിൽ സർക്കാർ ഇതിനായി 409 കോടിയിലധികം രൂപയാണു ചെലവഴിച്ചത്.

കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ പരിഹരിക്കാൻ ശ്രമിക്കുന്ന ദേശീയ വ്യവഹാര നയത്തിന്റെ കരട് ഉടൻ കേന്ദ്രമന്ത്രിസഭയ്ക്കു മുന്നിൽ വയ്ക്കും. നിരവധി വർഷങ്ങളായി മാറിമാറി വരുന്ന സർക്കാരുകൾ ഇതിന്റെ രൂപരേഖയെക്കുറിച്ച് ചർച്ച ചെയ്തിരുന്നു.

# 2026ലെ നിയമസഭാ തെരഞ്ഞെടുപ്പ് വഴിത്തിരിവായിരിക്കുമെന്നു നടൻ വിജയ്

ചെന്നൈ: 2026ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഒരു വഴിത്തിരിവായിരിക്കുമെന്ന് തമിഴക വെട്രി കഴകം (ടിവികെ) അധ്യക്ഷനും നടനുമായ വിജയ്.

1967ലെയും 1977ലെയും തെരഞ്ഞെടുപ്പുകൾ ചരിത്രമാണെന്നും 2026ൽ സംസ്ഥാനം വിപ്ലവകരമായ വഴിത്തിരിവിന് സാക്ഷ്യം വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. മഹാബലിപുരത്ത് ടിവികെ രൂപവത്കരിച്ചതിന്റെ ഒന്നാം വാർഷികാഘോഷപരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ടിവികെയുടെ നേതൃത്വത്തിൽ യുവാക്കളാണ് കൂടുതലായും ഉള്ളതെന്ന വിമർശനങ്ങൾക്കും വിജയ് മറുപടി പറഞ്ഞു. “അതിൽ എന്താണ് തെറ്റ് ‘’സി. എൻ. അണ്ണാദുരൈയും (ഡിഎംകെ നേതാവും സ്ഥാപകനും) എംജിആറും (എഐഎഡിഎംകെ സ്ഥാപകൻ) പ്രസ്ഥാനങ്ങൾ ആരംഭിച്ചപ്പോഴും യുവാക്കൾ പിന്നിൽ ഉണ്ടായിരുന്നു.

യുവാക്കൾ നിർണായക പങ്ക് വഹിച്ചു. 1967ലെയും 1977ലെയും വിപ്ലവ വിജയങ്ങൾക്ക് നേതൃത്വം നൽകിയത് ഈ യുവ നേതാക്കളായിരുന്നു. അത് ചരിത്രമാണ്”- അദ്ദേഹം കൂട്ടിച്ചേർത്തു.

തമിഴ്നാട്ടിൽ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനെച്ചൊല്ലി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഏറ്റുമുട്ടുകയാണെന്നും ഇത് എൽകെജി-യുകെജി കുട്ടികൾ തമ്മിൽ തല്ലുന്നതുപോലെയാണെന്നും വിജയ് പരിഹസിച്ചു.

ബിജെപിയും ഡിഎംകെയും ഹാഷ്ടാഗുകൊണ്ട് കളിക്കുകയാണെന്നും വിജയ് പറഞ്ഞു. “അവർ സാമൂഹിക മാധ്യമത്തിൽ ഹാഷ്ടാഗുകൊണ്ട് കളിച്ച് പരസ്പരം ഏറ്റുമുട്ടുന്നതായി അഭിനയിക്കുകയാണ്. അത് നമ്മൾ വിശ്വസിക്കുമെന്ന് അവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു. വാട് ബ്രോ, ഇറ്റ് ഈസ് വെരി റോംഗ് ബ്രോ”വിജയ് പരിഹസിച്ചു.

അതേസമയം, ഇന്നലെ രാവിലെ വിജയ്‌യുടെ വീട്ടിലേക്ക് ഒരാൾ ചെരുപ്പെറിഞ്ഞു. ചെന്നൈ നീലാങ്കരയിലുള്ള വീട്ടിലേക്കാണ് എറിഞ്ഞത്. വിജയ് വീട്ടിലുണ്ടായിരുന്ന സമയത്തായിരുന്നു ചെരുപ്പേറ്. യുവാവിനെ പിടികൂടി പോലീസ് ചോദ്യംചെയ്തുവരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2025 March 1 Saturday





പട്ടികജാതി/പട്ടികവർഗ്ഗ ശാക്തീകരണം ലക്ഷ്യമിട്ട് കെഎസ്എഫ്ഡിസി നിർമ്മിച്ച ചലചിത്രങ്ങളുടെ പ്രദർശനോദ്ഘാടനം മന്ത്രി സജി ചെറിയാൻ നിർവഹിക്കുന്നു

# വെഞ്ഞാറമൂട്ട് കൂട്ടക്കൊല: ഉള്ളുലഞ്ഞ് റഹീം നാട്ടിലെത്തി; ആദ്യം കബറിടങ്ങൾ സന്ദർശിക്കും

തിരുവനന്തപുരം: വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസ് പ്രതി അഫാന്റെ (23) പിതാവ് പേരുമല ആർച്ച് ജംഗ്ഷൻ സൽമാസിൽ അബ്ദുൽ റഹീം നാട്ടിലെത്തി. രാവിലെ 7.55ന് തിരുവനന്തപുരം വിമാനത്താവളത്തിലാണ് റഹീം എത്തിയത്. വ്യാഴാഴ്ച 12.15നായിരുന്നു ദമാമിൽ നിന്ന് തിരുവനന്തപുരത്തേക്ക് തിരിച്ചത്. നാട്ടിലെത്തിയ റഹീം ഡി. കെ. മുരളി എംഎൽഎയുടെ ഓഫീസിലേക്കാണ് ആദ്യം ചെന്നത്. ഇവിടെ നിന്ന് പാങ്ങോട്ടെത്തി കൊല്ലപ്പെട്ട ഉറ്റവരുടെ കബറിടങ്ങൾ സന്ദർശിക്കും. റഹീമിന്റെ ഇളയമകൻ, അമ്മ, സഹോദരൻ, സഹോദരഭാര്യ എന്നിവരെ കബറടക്കിയിരിക്കുന്നത് താഴേപാങ്ങോട്ടുള്ള ജുമാ മസ്ജിദിൽ ആണ്. തുടർന്ന് കുടുംബാംഗങ്ങളെ കണ്ട ശേഷം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഭാര്യ ഷെമിയെ കാണുമെന്നാണ് ലഭിക്കുന്ന വിവരം. സാമൂഹിക പ്രവർത്തകരുടെ ഇടപെടലിനെ തുടർന്നാണ് അബ്ദുൽ റഹീമിനു നാട്ടിലേക്കു തിരിക്കാനായത്. ഇഖാമ കാലാവധി തീർന്ന് രണ്ടര വർഷമായി സൗദിയിൽ യാത്രാവിലക്ക് നേരിടുകയാണ് ഇദ്ദേഹം. റഹീമിനെ എത്രയും വേഗം നാട്ടിലെത്തിക്കാൻ സാമൂഹ്യ സംഘടനകൾ ശ്രമം തുടങ്ങിയിരുന്നു. ഇതാണ് ഫലം കണ്ടത്. റഹീം നാട്ടിൽ വന്നിട്ട് ഏഴ് വർഷമായി. ഇഖാമ കാലാവധി തീർന്നിട്ട് രണ്ടര വർഷമായി. മരിച്ച കുടുംബാംഗങ്ങളെ അവസാനമായൊന്ന് കാണണമെങ്കിൽ പോലും നടപടികൾ തീരുന്നത് വരെ കാത്തിരുന്നേ പറ്റുമായിരുന്നുള്ളൂ.

ഒന്നുകിൽ സ്പോൺസറെ കണ്ടെത്തി ഇഖാമ പുതുക്കി പിഴയടച്ച് യാത്രാവിലക്ക് നീക്കണമെന്നായിരന്നു അവസ്ഥ. അല്ലെങ്കിൽ എംബസി വഴി, ലേബർ കോടതിയുടെ മുമ്പിലെത്തിച്ച് ഡീപോർട്ട് ചെയ്യിക്കണമായിരുന്നു. വർഷങ്ങളായി റിയാദിലായിരുന്ന റഹീം കച്ചവടത്തിലെ തകർച്ചയെത്തുടർന്നാണ് പ്രതിസന്ധിയിലായത്. പിന്നീട് ദമാമിലേക്ക് മാറുകയായിരുന്നു.

അതേസമയം, റഹീമിന്റെ മാനസികാവസ്ഥ കൂടി പരിഗണിച്ച് ചോദ്യംചെയ്യാനാണ് പോലീസ് തീരുമാനിച്ചിരിക്കുന്നത്. റഹീമിന്റെ മൊഴി കേസിൽ നിർണായകമാണ്. ഇത്രത്തോളം സാമ്പത്തിക ബാധ്യത കുടുംബത്തിന് എങ്ങനെ ഉണ്ടായി എന്നതടക്കമുള്ള വിവരങ്ങൾ റഹീമിൽനിന്നു പോലീസ് ചോദിച്ചറിയും.

# സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും കലാപരമായി ഉന്നതനിലവാരം പുലർത്തുന്നതുമായിരിക്കണം ടെലിവിഷൻ പരിപാടികൾ : മന്ത്രി സജി ചെറിയാൻ

ബഹുജന മാധ്യമങ്ങളിൽ സിനിമ പോലെ വിപുലമായ ജനസ്വാധീനമുള്ള മാധ്യമമാണ് ടെലിവിഷൻ എന്നതുകൊണ്ട് തന്നെ സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും കലാപരമായി ഉന്നതനിലവാരം പുലർത്തുന്നതുമായിരിക്കണം ടെലിവിഷൻ പരിപാടികൾ എന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. 2022, 2023 വർഷങ്ങളിലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡുകളുടെയും 2022 ലെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന്റെയും സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥ പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് പ്രചോദനമാവുംവിധം അവതരിപ്പിച്ച ആൺപിറന്നോൾ എന്ന പരമ്പരയാണ് മികച്ച സീരീയലിനുള്ള അവാർഡ് നേടിയിരിക്കുന്നത്. സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിക്കാത്ത, വ്യത്യസ്തമായ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന സീരിയലുകൾ ഉണ്ടാകുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണെന്ന് മന്ത്രി പറഞ്ഞു. മുൻ വർഷങ്ങളിലെ ജൂറി അംഗങ്ങളുടെയും പൊതുസമൂഹത്തിന്റെയും വിമർശനങ്ങൾ ദൃശ്യമാധ്യമങ്ങൾ ക്രിയാത്മകമായി ഉൾക്കൊണ്ടിരിക്കുന്നെന്നും അതിനനുസരിച്ച് അവർ ചുവടുമാറ്റുന്നു എന്നത് നല്ല സൂചനയാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

സീരിയലുകളുടെ നിലവാരം ഉയർത്തുന്ന കാര്യത്തിൽ ചാനലുകൾ പ്രത്യേക ശ്രദ്ധയും ഉത്തരവാദിത്വ ബോധവും പുലർത്തേണ്ടിയിരിക്കുന്നു എന്ന് മന്ത്രി പറഞ്ഞു. ചില വിഭാഗങ്ങളിൽ മികച്ച എൻട്രികൾ ഇല്ലാത്തതിനാൽ അവാർഡ് നൽകാൻ കഴിയുന്നില്ല. അർഹമായ എൻട്രികൾ ഇല്ലാത്തതിനാൽ കുട്ടികളുടെ ഷോർട്ട്ഫിലിം കാറ്റഗറിയിൽ 2023 ൽ ജൂറി അവാർഡ് കൊടുത്തിട്ടില്ല. ടെലിവിഷൻ അവാർഡുകൾക്ക് എൻട്രികൾ അയക്കുന്ന കാര്യത്തിൽ മാധ്യമ സ്ഥാപനങ്ങൾ ഗൗരവമുള്ള സമീപനം സ്വീകരിച്ചുകാണുന്നില്ല എന്ന വിമർശനം ജൂറി മുന്നോട്ട് വെക്കുന്നുണ്ട്. വിഭാഗം ഏതെന്ന് ശെരിയായി മനസിലാക്കാതെ എൻട്രികൾ അയച്ചതായി 2023 ലെ കഥേതര വിഭാഗം ജൂറിയുടെ റിപ്പോർട്ടിൽ പറയുന്നു. 2022 ലെ കഥേതര വിഭാഗം ജൂറിയും ഇതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. പലവിഭാഗങ്ങളിൽ എൻട്രികൾ അയക്കാതിരിക്കുക, അണിയറ പ്രവർത്തകരുടെ മുഴുവൻ പേരുകളുമില്ലാതെ എൻട്രികൾ അയക്കുക തുടങ്ങിയ അലസമായ ഒരു സമീപനം എൻട്രികളുടെ കാര്യത്തിൽ കണ്ടുവരുന്നുണ്ട്.

അർഹതയുള്ളവർ അംഗീകരിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനായി അവാർഡ് നിയമാവലി അനുശാസിക്കുന്ന കൃത്യതയോടെ എൻട്രികൾ സമർപ്പിക്കുന്ന കാര്യത്തിൽ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ പരിപാടികൾ, അന്വേഷണാത്മക മാധ്യമ പ്രവർത്തനം എന്നീ വിഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട് എന്ന 2023 ലെ കഥേതര വിഭാഗം ജൂറിയുടെ നിർദ്ദേശം ചാനലുകൾ കാര്യമായി പരിഗണിക്കേണ്ടിയിരിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു.

രചനാ വിഭാഗത്തിൽ പൊതുവേ എൻട്രികൾ കുറവാണ് ലഭിക്കുന്നത്. 2023 ലെ അവാർഡിന്റെ പരിഗണനയ്ക്ക് ഒരു പുസ്തകവും മൂന്ന് ലേഖനങ്ങളും മാത്രമാണ് സമർപ്പിക്കപ്പെട്ടത്. ഈ വിഭാഗത്തിൽ എൻട്രികൾ ശുഷ്കമാകുന്നത് ടെലിവിഷൻ പഠനരംഗത്തെ അപര്യാപ്തത വിളിച്ചോതുന്നു. ടെലിവിഷൻ അവാർഡുകളുടെ നിയമാവലി കാലോചിതമായി പുതുക്കേണ്ടത് അനിവാര്യമാണെന്ന് 2023 ലെ കഥാവിഭാഗം ജൂറി അഭിപ്രായപ്പെട്ടിട്ടുണ്ട്. ജൂറിയുടെ അഭിപ്രായം പരിഗണിച്ച് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചുകൊണ്ട് നിലവിലെ നിയമാവലി പരിഷ്കരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി അറിയിച്ചു. കൂടാതെ ഒടിടി പ്ലാറ്റ്ഫോമുകൾ ടെലിവിഷനിൽ ലഭ്യമായിക്കഴിഞ്ഞ സാഹചര്യത്തിൽ വെബ് സീരീസുകൾ, യൂട്യൂബ് ഉൾപ്പെടെയുള്ള വീഡിയോ ഷെയറിങ് പ്ലാറ്റ്ഫോമുകളിൽ സംപ്രേഷണം ചെയ്യപ്പെടുന്ന ടെലിഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിവയെകൂടി അവാർഡിനായി പരിഗണിക്കണമെന്ന് നിർദേശം പലമേഖലകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. തീർച്ചയായും ഈ നിർദ്ദേശവും അടുത്ത വർഷം മുതൽ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു. അവാർഡുകൾ നേടിയ എല്ലാവർക്കും മന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.2022 ലെ ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ദൂരദർശൻ മുൻ ഡെപ്യൂട്ടി ഡയറക്ടർ ബൈജു ചന്ദ്രൻ ഏറ്റുവാങ്ങി.

# വയനാട് പുനരധിവാസം; ഏഴ് സെൻറ് സ്ഥലത്ത് 20 ലക്ഷത്തിന് വീട്, 12 വർഷത്തേക്ക് കൈമാറ്റംചെയ്യാൻ പാടില്ല

തിരുവനന്തപുരം: വയനാട് പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പിൽ ഒരു വീട് നിർമ്മിക്കാനുള്ള സ്പോൺസർഷിപ്പ് തുക 20 ലക്ഷം. ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് തീരുമാനം.

നേരത്തെ ഒരു വീടിന് 25 ലക്ഷം രൂപയാണ് നിർമാണ ചെലവ് കണക്കാക്കിയിരുന്നത്. ഇതിലാണ് ഇപ്പോൾ സർക്കാർ മാറ്റം വരുത്തിയിരിക്കുന്നത്.

ഒരു കുടുംബത്തിന് ഏഴ് സെൻറ് ഭൂമിയിലായിരിക്കും വീട് നിർമിക്കുക. ടൗൺഷിപ്പിനായി ആദ്യ ഘട്ടത്തിൽ എൽസ്റ്റൺ എസ്റ്റേറ്റ് മാത്രമായിരിക്കും ഏറ്റെടുക്കുകയെന്നും മന്ത്രി സഭാ യോഗത്തിൽ തീരുമാനമായി.

ഭൂമി പതിച്ച് നൽകുന്നതിന് ഗുണഭോക്താവിന്റെ വരുമാന പരിധി കണക്കാക്കില്ല. റസിഡൻഷ്യൽ യൂണിറ്റായി ലഭിച്ച ഭൂമിയും വീടും ഹെറിട്ടബിൾ ആയിരിക്കും. 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണ്. റസിഡൻഷ്യൽ യൂണിറ്റും വീടും ഗൃഹനാഥന്റെയും ഗൃഹനാഥയുടെയും കൂട്ടായ പേരിൽ അനുവദിക്കാവുന്നതാണ് (ജീവിച്ചിരിക്കുന്നത് അനുസരിച്ച്).

ഭൂമിയും വീടും 12 വർഷത്തിന് മുൻപ് ഗുണഭോക്താവിന് അവശ്യ ഘട്ടങ്ങളിൽ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന്റെ സാധുത ഓരോ കേസുകളായി പരിശോധിച്ച് സർക്കാർ തീരുമാനം കൈകൊള്ളുന്നതാണ്.

ദുരന്തബാധിതർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള 300 രൂപ ബത്ത അതേ വ്യവസ്ഥയിൽ തുടർന്നും അനുവദിക്കും. സപ്ലൈകോ വഴി മാസം 1000 രൂപയുടെ സാധനങ്ങൾ വാങ്ങാവുന്ന കൂപ്പൺ നൽകാനും മന്ത്രി സഭാ യോഗം തീരുമാനിച്ചു.

# വയനാട്ടിൽ പൂർണമായും ആളുകളെ പുനരധിവസിപ്പിക്കുമെന്ന് റവന്യൂമന്ത്രി

വയനാട്: മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരിൽ പുനരധിവസിപ്പിക്കേണ്ടവരെ പൂർണമായും പുനരധിവസിപ്പിക്കുമെന്ന് റവന്യൂമന്ത്രി കെ. രാജൻ. അതിൽ ആർക്കും പേടി വേണ്ട. ഈ സാമ്പത്തിക വർഷം തന്നെ പുനരധിവസിപ്പിക്കാനുള്ള നടപടി ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ആദ്യഘട്ടവും രണ്ടാം ഘട്ടവും പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് നേരിട്ട് ദുരന്തത്തിൽ ഉൾപ്പെട്ടവരാണ്. എൽസ്റ്റോൺ എസ്റ്റേറ്റിലാണ് ആദ്യം വീടുകൾ നിർമിക്കുക. ഏഴ് സെൻറ് ഭൂമിയിൽ ആയിരം സ്ക്വയർ ഫീറ്റിലായിരിക്കും വീട്.

ഒരാളുടെ വീടിന് 30 ലക്ഷവും ജിഎസ്ടിയുമാണ് ചെലവ് സർക്കാർ പ്രതീക്ഷിക്കുന്നത്. പക്ഷേ വീടു പണിയാൻ സ്പോൺസർ ചെയ്യുന്നവർ 20 ലക്ഷം രൂപ മാത്രം തന്നാൽ മതി. ബാക്കി തുക മെറ്റീരിയൽസും അല്ലാതെയുമായി സർക്കാർ കണ്ടെത്തുമെന്നും സ്പോൺസർ നൽകിയതിനേക്കാൾ കൂടുതൽ തുക വന്നാൽ അത് സർക്കാർ വഹിക്കും. 12 വർഷത്തേക്ക് വിൽക്കാൻ പാടില്ലെന്നത് ഭൂപതിവ് ചട്ട പ്രകാരം നേരത്തെയുള്ള നിബന്ധന മാത്രമാണെന്നും മന്ത്രി വിശദീകരിച്ചു.

# അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള വിവിധ സഹകരണ പരിശീലന കേന്ദ്രം/ കോളേജുകളിൽ 2025-26 വർഷത്തെ ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) കോഴ്സിലേക്കുള്ള അപേക്ഷ മാർച്ച് 1 മുതൽ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷകർ എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷ പാസായിരിക്കണം. അപേക്ഷകൾ മാർച്ച് 31 വൈകിട്ട് 5 മണി വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് : www.scu.kerala.gov.in

# ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി ഇനി വേണ്ടെന്ന് ഹൈക്കോടതി

കൊച്ചി: ശബരിമലയിലെ പുണ്യം പൂങ്കാവനം പദ്ധതി അവസാനിപ്പിക്കാൻ ഹൈക്കോടതി ഉത്തരവ്. പദ്ധതിയുടെ പേരിൽ കോർഡിനേറ്റർ പണപ്പിരിവ് നടത്തിയെന്ന പോലീസ് റിപ്പോർട്ടിനു പിന്നാലെയാണ് കോടതി പദ്ധതി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. എഡിജിപി എം. ആർ. അജിത് കുമാറാണ് പുണ്യം പൂങ്കാവനം പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് മുദ്രവച്ച കവറിൽ കോടതിയിൽ സമർപ്പിച്ചത്. റിപ്പോർട്ടിൽ കോടതി ഞെട്ടൽ രേഖപ്പെടുത്തി. 2011ൽ ഐജി പി. വിജയന്റെ നേതൃത്വത്തിലാണ് പുണ്യം പൂങ്കാവനം പദ്ധതി ആരംഭിച്ചത്. ശബരിമലയിലും പരിസരങ്ങളിലും മാലിന്യ നിക്ഷേപം തടയുകയാണ് പദ്ധതിയുടെ ലക്ഷ്യം. ശബരിമലയിൽ പ്രവർത്തിക്കുന്ന കേരള പോലീസിനൊപ്പം മറ്റ് സർക്കാർ വകുപ്പുകളും കൈകോർത്താണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

# പീഡനക്കേസ് പ്രതി പിടിയിൽ

പേരൂർക്കട: മൂന്നുവർഷമായി ഒളിവിൽക്കഴിഞ്ഞുവന്ന പീഡനക്കേസിലെ പ്രതിയെ തലശേരിയിൽ നിന്നു മ്യൂസിയം പോലീസ് പിടികൂടി. വയനാട് വൈത്തിരി മുക്രി ഹൗസിൽ ഹാരിസ് (40) ആണ് പിടിയിലായത്. 2021 സെപ്തംബർ മാസത്തിലാണ് കേസിന്നാസ്പദമായ സംഭവം. തിരുവനന്തപുരം സ്വദേശിനിയായ 30-കാരിയുടെ പരാതിയിലാണ് അന്വേഷണമുണ്ടായത്. തിരുവനന്തപുരത്തെ ഒരു ഹോട്ടലിൽ ഒന്നിച്ചു ജോലി ചെയ്തു വന്നിരുന്നവരാണ് പരാതിക്കാരിയും പ്രതിയും.

വിവാഹം കഴിക്കാമെന്നു വാഗ്ദാനം നൽകി വിവിധ കാലങ്ങളിലായി ശാരീരികമായി പീഡിപ്പിക്കുകയും ഫോട്ടോയെടുത്ത് സോഷ്യൽ മീഡിയകളിൽ പ്രചരിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നാണ് പരാതി. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം എസ്ഐ വി. എൽ. ഷിജു, എസ്സിപിഒമാരായ ബിനു, സന്തോഷ്, അജിത്കുമാർ എന്നിവർ ഉൾപ്പെട്ട സംഘമാണ് നാട്ടിലേക്കു വരുന്നതിനിടെ പ്രതിയെ കസ്റ്റഡിയിലെടുത്തത്. ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# കൗമാരക്കാരിയെ പീഡിപ്പിച്ച കേസിലെ പ്രതി ജാമ്യത്തിലിറങ്ങി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി

ലക്നോ: കൗമാരക്കാരിയെ പീഡിപ്പിച്ച കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതി അതേ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി. ഉത്തർപ്രദേശിലെ ഭദോഹിയിലാണ് സംഭവം.

ഫെബ്രുവരി അഞ്ചിനാണ് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതെന്നും ഇതുവരെ കണ്ടെത്താനായിട്ടില്ലെന്നും പോലീസ് പറഞ്ഞു. ഫെബ്രുവരി അഞ്ചിന് ആസിഫ് ഖാൻ എന്ന ഷോട്ടേ ബാബു (22) തന്റെ മകളെ തട്ടിക്കൊണ്ടുപോയതായി പെൺകുട്ടിയുടെ പിതാവ് പരാതിയിൽ പറയുന്നു. പരാതിയെത്തുടർന്ന് ബുധനാഴ്ച രാത്രി ഗോപിഗഞ്ച് പോലീസ് സ്റ്റേഷനിൽ ഭാരതീയ ന്യായ സൻഹിതയിലെ സെക്ഷൻ 137(2) പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്തതായി ഒരു പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

2023 ഒക്ടോബർ 14 ന് പ്രതി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചതായി പോലീസ് പറഞ്ഞു, തുടർന്ന് ഇയാളെ അറസ്റ്റ് ചെയ്യുകയും പെൺകുട്ടിയെ രക്ഷപ്പെടുത്തുകയും ചെയ്തു. തുടർന്ന് എട്ടുമാസത്തോളം ജയിലിൽ കഴിഞ്ഞ ജാമ്യം ലഭിച്ച് അടുത്തിടെയാണ് പുറത്തിറങ്ങിയത്.

# തമിഴ്നാട്ടിൽ 2026ൽ ബിജെപി ഭരണം പിടിക്കും: അമിത് ഷാ

കോയമ്പത്തൂർ: 2026ൽ തമിഴ്നാട്ടിൽ ബിജെപി ഭരണം പിടിക്കുമെന്നു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഡൽഹിയിലെ ഭരണം പിടിച്ചതു പാർട്ടി പ്രവർത്തകരിൽ വലിയ ആവേശം സൃഷ്ടിച്ചിട്ടുണ്ട്. ബീലമേട്ടിൽ ബിജെപിയുടെ പുതിയ ഓഫീസ് ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡിഎംകെയുടെ ജനവിരുദ്ധവും ദേശവിരുദ്ധവുമായ ഭരണം അവസാനിപ്പിക്കേണ്ട സമയമായെന്നും അമിത് ഷാ പറഞ്ഞു. ഡിഎംകെ ഭരണത്തെ വിമർശിച്ച അദ്ദേഹം മറ്റു സംസ്ഥാനങ്ങളിലേക്കു നോക്കുമ്പോൾ തമിഴ്നാട്ടിലാണ് ക്രമസമാധാനനില ഏറ്റവും മോശമായിരിക്കുന്നത്. യുവാക്കളെയും കോളജ് വിദ്യാർഥികളെയും ദുഷിപ്പിക്കുന്ന മയക്കുമരുന്നുമാഫിയ പോലും ഭരണാധികാരികളുടെ അനുഗ്രഹത്തോടെയാണ് പ്രവർത്തിക്കുന്നത്. തമിഴ്നാട്ടിൽ ധാതുകൊള്ളയും മണൽകൊള്ളയും നടക്കുന്നതു ഭരണാധികാരികളുടെ കാരുണ്യത്തിലാണ്. അഴിമതിക്കാർ കാരണം തമിഴ്നാടിന് വലിയ നഷ്ടമാണുണ്ടായതെന്നും അമിത് ഷാ അഭിപ്രായപ്പെട്ടു.

# ഡിജിറ്റൽ മാർക്കറ്റിംഗിൽ സൗജന്യ പരിശീലനം

തിരുവനന്തപുരം ജില്ലയിലെ ഭിന്നശേഷിവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് ഡിജിറ്റൽ മാർക്കറ്റിംഗ് പ്രോഗ്രാമിൽ പരിശീലനം നൽകുന്നു.

18 നും 35 നും ഇടയിൽ പ്രായമുള്ള ബിരുദധാരികൾക്കും അടിസ്ഥാന കംപ്യൂട്ടർ പരിജ്ഞാനവുമുള്ള 25 പേർക്ക് അസാപ് കേരളയും ടെറുമോ പെൻപോൾ പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് നൽകുന്ന സൗജന്യ പരിശീലനം നേടാം.

ടെറുമോ പെൻപോൾ പ്രൈവറ്റ് ലിമിറ്റഡിന്റെ സിഎസ്ആറിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 120 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനം പൂർണമായും ഓൺലൈൻ ആയിരിക്കും.

മാർച്ച് മാസത്തിൽ ആരംഭിക്കുന്ന കോഴ്സിലേക്ക് https://forms.gle/pKurvNaGpzzmK3ga8 എന്ന ഗൂഗിൾ ഫോമിലൂടെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : 9400683868.

**FORM IV**

**Statement about ownership and other particulers about newspaper “NAUTICAL TIMES KERALA”**

| | | |
|---|---|---|
| Place of publication | : | THIRUVANANTHAPURAM. |
| Periodicity of publication | : | DAILY |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN |
| Address | : | `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN. |
| Address | : | YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |
| Names and address of individuals who own the newspaper and partners or shareholders holdingmorethan one per cent of the total capital | : | YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |

I , YESUDAS WILLIAM, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Signature of Editor, Printer,
Publisher and Owner

Date 01-03-2025